## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 677 — 28.02.2018-ൽ മറുപടിയ്ക്ക്

### അക്കേഷ്യ, മാഞ്ചിയം എന്നിവ ഒഴിവാക്കാൻ നടപടി

| ചോദ്യം<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. സണ്ണി ജോസഫ് | ഉത്തരം<br>അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാന വനം വകുപ്പിന്റെ തോട്ടങ്ങളിൽ അക്കേഷ്യ, മാഞ്ചിയം എന്നിവ വച്ചു പിടിപ്പിക്കുന്നത് നിർത്തലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) അക്കേഷ്യ, യൂക്കാലിപ്റ്റസ്, മാഞ്ചിയം എന്നീ മരങ്ങൾ പരിപാലിക്കുന്നതും, വെട്ടി മാറ്റുന്നതും കേന്ദ്ര സർക്കാർ അംഗീകരിച്ച വർക്കിംഗ് പ്ലാൻ പ്രകാരമാണ്. വർക്കിംഗ് പ്ലാനിൽ നിഷ്കർഷിക്കും പ്രകാരം അടക്കിമുറി കഴിഞ്ഞ തോട്ടങ്ങളിൽ അതേ ഇനം തൈകളോ, ഇതേ ആവശ്യങ്ങൾക്കുപയോഗിക്കാവുന്ന ഇതര ഇനത്തിൽപ്പെട്ട തൈകളോ മാത്രമേ വെച്ചു പിടിപ്പിക്കുവാൻ കഴിയൂ. ജനവാസ മേഖലയോടടുത്ത തോട്ടങ്ങളിൽ പുനർ നടീൽ നടത്തുന്ന വേളയിൽ ജനരോഷത്തെ തുടർന്നും, ജനപ്രതിനിധികൾ അടക്കമുള്ളവരുടെ എതിർപ്പിനെ തുടർന്നും അക്കേഷ്യ തൈകൾ നടേണ്ടതില്ലെന്ന് വനം വകുപ്പ് നയപരമായ തീരുമാനം എടുക്കുകയും, അതിനനുസൃതമായി വർക്കിംഗ് പ്ലാൻ നിർദ്ദേശത്തിൽ നിന്നും വ്യതിചലിക്കുന്നതിനുള്ള അനുമതി ആവശ്യമായ കേസുകളിൽ പ്രൊപ്പോസലുകൾ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. |
| (ബി) പ്രസ്തുത മരങ്ങൾക്ക് പകരമായി മലവേപ്പ് തുടങ്ങിയ നാടൻ മരങ്ങൾ വച്ചുപിടിപ്പിക്കുവാൻ പദ്ധതിയുണ്ടോ; | (ബി) അടക്കിമുറി കഴിയുന്ന അക്കേഷ്യ/മാഞ്ചിയം തോട്ടങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ മലവേപ്പ് (Melia dubia), വെച്ചു പിടിപ്പിക്കുന്നതിന് എല്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പുനലൂർ വനം ഡിവിഷനിലെ ഏഴംകുളം ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽപ്പെട്ട മടത്തറ, ഓന്തുപച്ച മേഖലകളിൽ മുറിച്ചുമാറ്റിയ അക്കേഷ്യ, മാഞ്ചിയം മരങ്ങൾക്ക് പകരമായി വീണ്ടും അതേ മരങ്ങൾ നടുവാൻ തീരുമാനം എടുത്തിരുന്നോ; | (സി) | മുൻവർഷം, വർക്കിംഗ് പ്ലാൻ അനുസരിച്ചും തദ്ദേശവാസികളുടെ അഭിപ്രായം കൂടി കണക്കിലെടുത്തും ജനവാസ മേഖലയോട് ചേർന്ന ഭാഗങ്ങളിൽ തദ്ദേശീയ ഇനം തൈകൾ നട്ടുപിടിപ്പിച്ച ശേഷം ഉൾഭാഗങ്ങളിൽ മാഞ്ചിയം നടുന്നതിന് തീരുമാനിച്ചിരുന്നു. ഈ വർഷം ഓന്തുപച്ച ഭാഗത്ത് അടക്കിമുറി നടത്തുന്ന അക്കേഷ്യ തോട്ടത്തിൽ അക്കേഷ്യ വീണ്ടും നട്ടുപിടിപ്പിക്കുന്നതിന് തീരുമാനം എടുത്തിട്ടില്ല. |
| (ഡി) | പ്രസ്തുത തീരുമാനം മാറ്റി അവിടെ മലവേപ്പ് വച്ചുപിടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) | ഈ വർഷം അക്കേഷ്യ മുറിക്കുന്ന ഓന്തുപച്ച തോട്ടത്തിൽ മലവേപ്പ് പോലുള്ള ഇനങ്ങൾ നട്ടുപിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

Vbeena
സെക്ഷൻ ഓഫീസർ